സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 39 2025 ഏപ്രിൽ 21 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

കൊമ്പൻ കരുവന്തല ഗണപതി ചെരിഞ്ഞു

തൃശൂർ : ഉത്സവ എഴുന്നള്ളിപ്പുകളിൽ പേരെടുത്ത ഗജവീരൻ കരുവന്തല ഗണപതി ചെരിഞ്ഞു. ഇന്ന് രാവിലെയായിരുന്നു സംഭവം. കുറച്ചു ദിവസമായി അസുഖബാധിതനായി വിശ്രമത്തിലായിരുന്നു. ഏപ്രിൽ 17 നാണ് അവസാനത്തെ ഉത്സവ എഴുന്നള്ളിപ്പിൽ പങ്കെടുത്തത്. മേഖലയിലെ പ്രധാന ഉത്സവങ്ങളിൽ എല്ലാം തന്നെ കരുവന്തല ഗണപതി സജീവ സാന്നിധ്യമായി ഉണ്ടാകാറുണ്ട്. ഏറെ ആരാധകവൃന്ദമുള്ള ആനയാണിത്. മുല്ലശ്ശേരി കരുവന്തല ക്ഷേത്രത്തിനോട് ചേർന്നുള്ള മനയ്ക്കലെ ആനയാണ്. ഇവിടെ വെച്ച് തന്നെയാണ് ആന ചരിഞ്ഞത്. 30 വയസ്സ് പ്രായമായിട്ടുണ്ട്.

മഹാ ഇടയന് വിട

ഫ്രാൻസിസ് മാർപാപ്പ ദിവംഗതനായി

വത്തിക്കാൻ: വലിയ ഇടയന് വിട. ആഗോള കത്തോലിക്കാ സഭയുടെ തലവൻ ഫ്രാൻസിസ് മാർപാപ്പ (88) ദിവംഗതനായി. ചരിത്രം തിരുത്തിക്കുറിച്ചാണ് 2013 മാർച്ച് 13ന് അർജന്റീനയിലെ ബ്യൂണസ് ഐറിസിൽനിന്നുള്ള കർദിനാൾ മാരിയോ ബെർഗോളിയ കത്തോലിക്കാ സഭയുടെ 266–ാമത് മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടത്. ലാറ്റിൻ അമേരിക്കയിൽ നിന്നുള്ള ആദ്യപാപ്പയായിരുന്നു പിന്നീട് ഫ്രാൻസിസ് മാർപാപ്പ എന്നറിയപ്പെട്ട മാരിയോ ബെർഗോളിയ. 1,272 വർഷങ്ങൾക്കു ശേഷമായിരുന്നു യൂറോപ്പിനു പുറത്തുനിന്ന് ഒരാൾ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെടുന്നത്. പ്രാദേശിക സമയം 7.35–നാണ് അന്ത്യം സംഭവിച്ചതെന്ന് വത്തിക്കാൻ അറിയിച്ചു.

ശാരീരിക അവശതകൾ മൂലം ബെനഡിക്ട് പതിനാറാമൻ മാർപാപ്പ 2013 ഫെബ്രുവരി 28–ന് രാജിവെച്ചതിനെ തുടർന്നാണ് കർദിനാൾ ഹോർഹെ മാരിയോ ബെർഗോളിയോയെ മാർപാപ്പയായി തിരഞ്ഞെടുത്തത്.

ബ്യൂണസ് ഐറിസിലെ ആർച്ച് ബിഷപ്പായിരുന്ന ഹോർഹെ മാരിയോ ബെർഗോളിയോ ലാറ്റിനമേരിക്കയിൽ നിന്നുള്ള ആദ്യപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടത് തീർത്തും അപ്രതീക്ഷിതമായിട്ടായിരുന്നു. അന്ന് 78 വയസായിരുന്നു അദ്ദേഹത്തിന്. 2001–ലാണ് ബെർഗോളിയോ കർദ്ദിനാൾ പദവിയിലേക്ക് ഉയർത്തപ്പെട്ടത്. ജോൺപോൾ രണ്ടാമൻ മാർപാപ്പയാണ് 2001–ൽ ബെർഗോളിയോയെ വത്തിക്കാനിലേക്ക് കൊണ്ടുവരുന്നത്. കർദ്ദിനാൾ എന്ന നിലയിൽ ഒട്ടേറെ ഭരണപരമായ ചുമതലകൾ വഹിച്ച അദ്ദേഹം തീർത്തും വ്യത്യസ്തനായിരുന്നു. വിനയാന്വിതമായ പെരുമാറ്റം, സാമൂഹ്യനീതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ എന്നിവയും കർദ്ദിനാൾ എന്ന നിലയിൽ അദ്ദേഹത്തെ വ്യത്യസ്തനാക്കി. ആഡംബര വാഹനം ഒഴിവാക്കി പൊതുഗതാഗത സംവിധാനത്തിലായിരുന്നു അദ്ദേഹത്തിന്റെ യാത്രകൾ. ഭക്ഷണം സ്വയം പാചകം ചെയ്യുന്നതായിരുന്നു അക്കാലത്ത് അദ്ദേഹത്തിന്റെ രീതി.

1936 ഡിസംബർ 17–ന് അർജന്റീനയിലെ ബ്യൂണസ് ഐറിസിൽ റെയിൽവേ തൊഴിലാളിയായ മരിയോ ജോസ് ബെർഗോളിയോയുടെയും സാധാരണക്കാരിയായ വീട്ടമ്മ മരിയ സിവോറിയയുടെയും 5മക്കളിൽ ഒരാളായി ജനനം. ഇറ്റലിയിൽനിന്നുകുടിയേറിയ ഒരു മധ്യവർഗ കുടുംബമായിരുന്നു ഫ്രാൻസിസ് പാപ്പയുടേത്. സാധാരണ കുടുംബത്തിൽ ജനിച്ച്, അവരുടെ പ്രശ്നങ്ങൾ കണ്ടറിഞ്ഞും ഇടപഴകിയും വളർന്നതിനാൽ താഴേക്കിടയിലുള്ളവർക്ക് അദ്ദേഹം പ്രത്യേകം പരിഗണന നൽകിയിരുന്നു.

എല്ലായ്പ്പോഴും ശാന്തനും പ്രസന്നവദനനുമായിരുന്നു എന്നുള്ളതാണ് അദ്ദേഹത്തിന്റെ പ്രത്യേകതകളിലൊന്ന്. അണുബാധയെത്തുടർന്ന് ശ്വാസകോശങ്ങളിലൊന്ന് നീക്കം ചെയ്ത് പത്തു വർഷത്തിനുശേഷം 32–ാം വയസ്സിലാണ് അദ്ദേഹം വൈദികപട്ടം ഏറ്റെടുക്കുന്നത്. താമസിച്ചാണ് പുരോഹിതപദവിയിൽ എത്തിയതെങ്കിലും 4വർഷത്തിനുള്ളിൽ അർജന്റീനയിലെ ജസ്യൂട്ട് സഭയുടെ പ്രൊവിൻഷ്യലായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. 1973 മുതൽ 79 വരെ പ്രൊവിൻഷ്യൻ സ്ഥാനം അലങ്കരിച്ചു. 1992–ൽ ബ്യൂണസ് ഐറിസിലെ സഹായ മെത്രാനും 98–ൽ ആർച്ച് ബിഷപ്പുമായി തിരഞ്ഞെടുക്കപ്പെട്ടു. 2001–ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ബെർഗോളിയോയെ കർദിനാൾ സ്ഥാനത്ത് അവരോധിച്ചു. കർദിനാളായി തിരഞ്ഞെടുക്കപ്പെട്ടശേഷം, തന്റെ മുൻഗാമികൾ അനുഭവിച്ചുവന്നിരുന്ന പല സുഖസൗകര്യങ്ങളും അദ്ദേഹം ഉപേക്ഷിച്ചിരുന്നു. പ്രദേശത്തെ ചേരികൾ സന്ദർശിക്കുന്നതിലും അവരെ സഹായിക്കുന്നതിലും അദ്ദേഹം ഏറെ താത്പര്യം പ്രകടിപ്പിച്ചിരുന്നു. മാധ്യമങ്ങൾക്ക് അദ്ദേഹം അഭിമുഖങ്ങൾ നൽകിയിരുന്നില്ല. പ്രസംഗവേദികളോടും ഭ്രമമില്ല. തനിക്കെതിരെ ഉന്നയിക്കുന്ന ആരോപണം തെറ്റാണെന്നു ബോധ്യമുണ്ടെങ്കിൽപോലും വിമർശകരോട് ശബ്ദം കൂടാറില്ല.

ഫ്രാൻസിസ് പാപ്പയുടെ വിനയവും ഏറെ പ്രസിദ്ധമായിരുന്നു. 2001–ൽ കർദിനാളായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ, തനിക്കൊപ്പം ആഹ്ലാദം പങ്കിടാൻ റോമിലേക്ക് പറക്കാനൊരുങ്ങിയ നൂറുകണക്കിന് അർജന്റീനക്കാരെ തടഞ്ഞുകൊണ്ട് അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്: 'റോം യാത്രയ്ക്കു ചെലവാകുന്ന വിമാനക്കൂലി നിങ്ങൾ പാവങ്ങൾക്ക് നൽകുക.' അതായിരുന്നു അദ്ദേഹത്തിന്റെ സന്തോഷം. സാമ്പത്തികമാന്ദ്യം പിടിമുറുക്കിയ 2002–ൽ അർജന്റീനയിലെ സാധാരണക്കാർക്കുവേണ്ടി സർക്കാറിനും രാഷ്ട്രീയക്കാർക്കും എതിരെ അദ്ദേഹം പൊരുതി.

പേര് തിരഞ്ഞെടുത്തപ്പോൾ തന്നെ തന്റെ വഴികൾ വ്യത്യസ്തമാണെന്ന് പുതിയ പാപ്പ ലോകത്തിന് വെളിപ്പെടുത്തി. കത്തോലിക്കാ സഭയുടെ രണ്ടായിരത്തിലധികം വർഷത്തെ ചരിത്രത്തിൽ ആദ്യമായാണ് ഫ്രാൻസിസ് എന്ന പേര് ഒരു മാർപ്പാപ്പ സ്വീകരിക്കുന്നത്. പാവങ്ങളുടെ പുണ്യവാളനെന്നറിയപ്പെടുന്ന അസീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ പേര് തിരഞ്ഞെടുത്തതിന് വലിയ അർത്ഥതലങ്ങളുണ്ട്. ഫ്രാൻസിസ്കൻ സഭാസ്ഥാപകനായ താപസശ്രേഷ്ഠന്റെ പേരു സ്വീകരിക്കുകവഴി കർദിനാൾ മാരിയോ ബർഗോളിയോ ഇറ്റലിയുടെ ഹൃദയമാണ് കവർന്നത്. ദരിദ്രരോടും സകല ജീവജാലങ്ങളോടുമുള്ള സ്നേഹത്തിലൂടെ ക്രിസ്തുവിന് സാക്ഷ്യം വഹിച്ച വിശുദ്ധനാണ് അസ്സീസ്സിയിലെ ഫ്രാൻസിസ്. ഉന്നതകുലജാതനായിട്ടും സമ്പത്തിന്റെ മടിത്തട്ടിൽ അഭിരമിച്ചിട്ടും അതെല്ലാം ക്രിസ്തുവിനോടും മനുഷ്യരോടുമുള്ള സ്നേഹത്തെ പ്രതി ഉപേക്ഷിച്ച് ദാരിദ്ര്യം വ്രതമായെടുത്തയാൾ. അവസാനത്തെ ഉടുതുണി പോലും തെരുവിലെ ദരിദ്രന് കൊടുത്തയാൾ. അങ്ങനെയുള്ള വിശുദ്ധ ഫ്രാൻസിസിന്റെ പേര് സ്വീകരിച്ച് ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് ദരിദ്രരുടെ പക്ഷത്തുനിന്ന് സഭയെ മുന്നോട്ട് നയിച്ചു.

മറ്റ് മതങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനേക്കുറിച്ചും പോപ്പിന് വ്യക്തമായ ധാരണകളുണ്ടായിരുന്നു. മനുഷ്യരെ മറന്നുകൊണ്ട് ദൈവവുമായുള്ള ബന്ധം സാധ്യമാകില്ലെന്ന് വ്യക്തമാക്കുന്ന ഫ്രാൻസിസ് പാപ്പയിൽ ലോകം പുതിയൊരു മാതൃകയെയാണ് കണ്ടത്. ഗർഭഛിദ്രം, സ്വവർഗാനുരാഗം, സ്ത്രീ പൗരോഹിത്യം, വൈദികബ്രഹ്മചര്യം, കൃത്രിമ ജനനനിയന്ത്രണം മുതലായ വിഷയങ്ങളിൽ സഭയിലെ പരിഷ്കരണവാദികളുടെ മറുചേരിയിലാണ് പോപ്പിന്റെ സ്ഥാനം. സ്വവർഗരതിയെ കുറ്റകരമാക്കുന്ന നിയമങ്ങളെ 'അനീതി' എന്ന് വിമർശിച്ച പോപ്പ് ഫ്രാൻസിസ്, ദൈവം തന്റെ എല്ലാ മക്കളെയും സ്നേഹിക്കുന്നുവെന്നും സ്വവർഗരതിക്കാരായവരെ സഭയിലേക്ക് സ്വാഗതം ചെയ്യാൻ കത്തോലിക്കാ ബിഷപ്പുമാരോട് ആഹ്വാനം ചെയ്തു. ക്രൈസ്തവർ ചെയ്യുന്ന കരുണയുടെ പ്രവർത്തനങ്ങളിൽ പ്രകൃതിയുടെ സംരക്ഷണം കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു. ഒരു പതിറ്റാണ്ട് പിന്നിട്ടപ്പോഴേക്കും സഭയെ സുരക്ഷിതമായി മുന്നോട്ട് കൊണ്ടുപോകാൻ പാപ്പയ്ക്ക് സാധിച്ചു.

ജീവിതത്തിൽ ആഡംബരങ്ങൾ ഒഴിവാക്കുന്ന ഫ്രാൻസിസ് മാർപാപ്പ മരണത്തിലും ലാളിത്യം ആഗ്രഹിച്ചിരുന്നു. സൈപ്രസ്, ഓക്ക്, വാക മരത്തടികൾ കൊണ്ടു നിർമിച്ച 3 പെട്ടികൾക്കുള്ളിലായി മാർപാപ്പമാരെ അടക്കം ചെയ്യുന്ന ആചാരത്തിനു പകരം തനിക്ക് സാധാരണ തടിപ്പെട്ടി മതിയെന്ന് അദ്ദേഹം നേരത്തെ തന്നെ നിർദേശിച്ചിരുന്നു. ദീർഘമായ പൊതുദർശനം, നീണ്ട അന്ത്യോപചാര ചടങ്ങുകൾ ഇവയൊന്നും വേണ്ടെന്നും നിർദേശത്തിലുണ്ട്. മുൻ മാർപാപ്പമാരെ അടക്കം ചെയ്യുന്ന സെന്റ് പീറ്റേഴ്സ് ബസിലിക്കയ്ക്കു പകരം റോമിലെ സെന്റ് മേരി മേജർ പള്ളിയിൽ അടക്കിയാൽ മതിയെന്നു നേരത്തെ നിർദേശിച്ചിരുന്നു.

'എന്റെ കേരളം' നാലാം വാർഷികാഘോഷ പരിപാടികൾക്ക് തുടക്കം

മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിച്ചു

കാസർകോട്: രണ്ടാം പിണറായി സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെയും 'എന്റെ കേരളം' പ്രദർശന വിപണനമേളയുടെയും സംസ്ഥാനതല ഉദ്ഘാടനം രാവിലെ കാസർകോട് കാലിക്കടവിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

കേരളീയരാകെ ശപിച്ചുകൊണ്ടിരുന്ന ഒരു കാലത്തിന് അറുതി വരുത്തിക്കൊണ്ടാണ് എൽഡിഎഫ് അധികാരത്തിൽ വന്നതെന്നും മറ്റ് പ്രദേശത്തെ വികസനം ഈ നാടിനും വേണമെന്നും മുഖ്യമന്ത്രി പ്രസംഗത്തിൽ പറഞ്ഞു. ജനം ഏൽപ്പിച്ച ദൗത്യം നിറവേറ്റാൻ തുടങ്ങിയപ്പോൾ നിരവധി പ്രതിസന്ധികളുണ്ടായി. പ്രകൃതി ദുരന്തം, പകർച്ചവ്യാധി എന്നിവ വെല്ലുവിളികളായിരുന്നുവെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

മന്ത്രിമാരായ കെ രാജൻ, കെ എൻ ബാലഗോപാൽ, കെ കൃഷ്ണൻകുട്ടി, എ കെ ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി, വി അബ്ദുറഹ്മാൻ, എം എൽ മാരായ ഇ ചന്ദ്രശേഖരൻ , സി എച്ച് കുഞ്ഞമ്പു, എം രാജഗോപാലൻ, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

പിലിക്കോട് പഞ്ചായത്ത് മൈതാനിയിൽ 73,923 ചതുരശ്ര അടിയുള്ള പന്തലിലെ പ്രദർശനം 27വരെ തുടരും. ഭക്ഷ്യമേള, കുട്ടികളുടെ പാർക്ക് എന്നിവയുമുണ്ട് ദിവസവും വൈകിട്ട് ആറു മുതൽ പത്തുവരെ കലാപരിപാടികൾ. പകൽ 11ന് പടന്നക്കാട് ബേക്കൽ ക്ലബിൽ ജില്ലയിലെ ക്ഷണിക്കപ്പെട്ട 500 വ്യക്തികളുമായി മുഖ്യമന്ത്രി സംവദിക്കും. നവകേരളത്തിനായി പിന്തുടരേണ്ട പുതുവഴികൾ സംബന്ധിച്ച ചർച്ചയുമുണ്ടാകും. വൈകിട്ട് 4ന് കാഞ്ഞങ്ങാട്ട് എൽഡിഎഫ് ജില്ലാ കമ്മിറ്റി സംഘടിപ്പിക്കുന്ന ബഹുജനറാലിയുമുണ്ട്. റാലി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനംചെയ്യും.

സംസ്ഥാനത്ത് മെയ് 30 വരെയാണ് വാർഷികാഘോഷം. എല്ലാ ജില്ലയിലും മുഖ്യമന്ത്രി പങ്കെടുത്ത് യോഗവും പ്രദർശന വിപണന മേളയുമുണ്ടാകും. തിരുവനന്തപുരത്താണ് സമാപനം.

പ്രതിസന്ധിഘട്ടത്തിൽ കേന്ദ്രത്തിന്റെ ഭാഗത്തുനിന്ന് കേരളത്തിന് അതിജീവനത്തിനായുള്ള സഹായം ലഭിച്ചില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. പ്രകൃതി ദുരന്തങ്ങളും പകർച്ചവ്യാധികളും കൊണ്ട് വലഞ്ഞപ്പോൾ കേന്ദ്രം സഹായിച്ചില്ലെന്ന് മാത്രമല്ല സഹായിക്കാൻ തയ്യാറായവരെ തടയുന്ന നിലയാണുണ്ടായതെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

പ്രതിസന്ധികൾ ഒരു നാടിനുണ്ടായാൽ, ഒരു സംസ്ഥാനത്തിനുണ്ടായാൽ, ആ സംസ്ഥാനത്തിന്റെ കൂടെ ചേർന്ന് നിന്നുകൊണ്ട് അതിൽനിന്ന് അതിജീവനം നേടാൻ സഹായിക്കാൻ ബാധ്യതയുള്ള സർക്കാരാണ് കേന്ദ്രസർക്കാർ. നിർഭാഗ്യകരമെന്ന് പറയട്ടെ, ഒരു ഘട്ടത്തിലും ആവശ്യമായ സഹായങ്ങൾ ലഭിച്ചില്ല. പ്രതിസന്ധി ഘട്ടത്തിൽ കേന്ദ്രം തീർത്തും നിഷേധാത്മക നിലപാട് സ്വീകരിച്ചു. ലഭിക്കുന്ന സഹായം തന്നെ തടയുന്ന നിലയുണ്ടായി. മറ്റുള്ളവർ നൽകുന്നത് പോലും തങ്ങളുടെ അധികാരം ഉപയോഗിച്ച് തടയുന്ന സ്ഥിതി. തകരട്ടെ, കൂടുതൽ തകരട്ടെ... ഈ ഒരു നശീകരണ വികാരമായിരുന്നു കേന്ദ്ര സർക്കാരിനെ നയിച്ചത്. ഏറ്റവും ഒടുവിൽ മുണ്ടക്കൈ– ചൂരൽ മല ദുരന്തത്തിന്റെ കാര്യമടക്കം ഇത്തരത്തിലായിരുന്നുവെന്നും മുഖ്യമന്ത്രി പ്രസംഗത്തിൽ ഓർമ്മപ്പെടുത്തി.

സിഎംആർഎൽ–എക്സാലോജിക് കേസ്: വീണ അടക്കമുള്ളവരുടെ മൊഴി ആവശ്യപ്പെട്ടു

കൊച്ചി: സിഎംആർഎൽ–എക്സാലോജിക് കേസിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണ വിജയനടക്കമുള്ളവരുടെ മൊഴി ആവശ്യപ്പെട്ട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്. ഇതിനായി എറണാകുളം അഡീഷണൽ സെഷൻസ് കോടതിയിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അപേക്ഷ നൽകി. ഇതോടെ കേസുമായി ബന്ധപ്പെട്ട് തുടർനടപടികളിലേക്ക് കടക്കുകയാണ് ഇഡി എന്ന സൂചനയാണ് ലഭിക്കുന്നത്.

സിഎംആർഎൽ എക്സാലോജിക് കേസിൽ എസ്എഫ്ഐഒ കുറ്റപത്രം സമർപ്പിച്ചതിന് പിന്നാലെ കോടതിയിൽ അപേക്ഷ നൽകി ഇഡി കുറ്റപത്രം വാങ്ങിയിരുന്നു. ഈ കുറ്റപത്രം പരിശോധിച്ചതിന് ശേഷമാണ് കേസുമായി ബന്ധപ്പെട്ട എല്ലാ രേഖകളുടേയും പകർപ്പും മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണ വിജയനടക്കമുള്ളവരുടെ മൊഴിയും ആവശ്യപ്പെട്ട് വീണ്ടും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് സെഷൻസ് കോടതിയിൽ അപേക്ഷ നൽകിയിരിക്കുന്നത്.

എസ്എഫ്ഐഒ കുറ്റപത്രം സമർപ്പിച്ചതിന് പിന്നാലെയാണ് ഇഡി ഇപ്പോൾ വീണ്ടും കേസുമായി മുന്നോട്ട് പോകുന്നുവെന്ന സൂചന നൽകുന്നത്. ഇപ്പോൾ ആവശ്യപ്പെട്ട രേഖകൾ വിശദമായി പരിശോധിച്ചതിന് ശേഷം ഇനി നോട്ടീസ് അയച്ച് തുടർനടപടികളിലേക്ക് നീങ്ങുകയാകും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ചെയ്യുക.

അതേസമയം, സിഎംആർഎൽ എക്സാലോജിക് ഇടപാടിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജിയിൽ മുഖ്യമന്ത്രിക്കും മകൾക്കുമെതിരേ ഹൈക്കോടതി നോട്ടീസ് അയച്ചിരുന്നു. ഇന്ററിം സെറ്റിൽമെന്റ് ബോർഡിലെ രേഖകളുടെ അടിസ്ഥാനത്തിൽ അന്വേഷണം സിബിഐക്ക് വിടണമെന്നാവശ്യപ്പെട്ട് മാധ്യമ പ്രവർത്തകൻ എം.ആർ. അജയൻ നൽകിയ പൊതുതാൽപര്യ ഹർജിയിന്മേലായിരുന്നു ഹൈക്കോടതി നടപടി. കൂടാതെ എസ്എഫ്ഐഒ റിപ്പോർട്ടിൽ കുറ്റം ചുമത്തിയത് ചോദ്യംചെയ്ത് സിഎംആർഎൽ നൽകിയ ഹർജിയിൽ എസ്എഫ്ഐഒ റിപ്പോർട്ടിലെ തുടർ നടപടികൾ ഹൈക്കോടതി സിംഗിൾ ബെഞ്ച് തടഞ്ഞുകൊണ്ട് ഉത്തരവിട്ടിരുന്നു. പ്രതികൾക്ക് സമൻസ് അയക്കുന്നതടക്കം തടഞ്ഞുകൊണ്ടായിരുന്നു കോടതി ഉത്തരവ്.

വിനീത കൊലക്കേസ്; ശിക്ഷാവിധി വ്യാഴാഴ്ച

തിരു: പേരൂർക്കടയിലെ അലങ്കാരച്ചെടി വിൽപ്പനശാലയിലെ ജീവനക്കാരിയായിരുന്ന വിനീതയെ കുത്തിക്കൊലപ്പെടുത്തിയ കേസിൽ ശിക്ഷാവിധി വ്യാഴാഴ്ച. കന്യാകുമാരി തോവാള വെള്ളമഠം രാജീവ് നഗർ സ്വദേശി രാജേന്ദ്രൻ കുറ്റക്കാരനെന്ന് ഏപ്രിൽ 10ന് കോടതി കണ്ടെത്തിയിരുന്നു. ഏഴാം അഡീഷണൽ ജില്ലാ സെഷൻസ് കോടതി ജഡ്ജി പ്രസൂൺ മോഹനാണ് കേസ് പരിഗണിച്ചത്.

പ്രതിയുടെ കുറ്റകൃത്യം അപൂർവ്വങ്ങളിൽ അപൂർവ്വമാണെന്ന് പ്രോസിക്യൂഷൻ വാദിച്ചു. ജില്ലാ കളക്ടർ, മനഃശാസ്ത്രജ്ഞൻ, തിരുവനന്തപുരത്തെയും തമിഴ്നാട്ടിലെയും ജയിൽ സൂപ്രണ്ടുമാർ, കന്യാകുമാരി, തിരുവനന്തപുരം ജില്ലകളിലെ പ്രബോഷണറി ഓഫീസർമാർ, സിറ്റി പൊലീസ് കമ്മീഷണർ, റവന്യൂ ഡിപ്പാർട്ട്മെന്റ് എന്നിവർ അടക്കം 7റിപ്പോർട്ട് നൽകാൻ കോടതി നിർദ്ദേശിച്ചിരുന്നു.

പ്രതിക്കെതിരെ കൊലപാതകം, കവർച്ചക്കിടെ കൊലപ്പെടുത്തൽ, അന്യായമായി കടന്നുകയറൽ, തെളിവു നശിപ്പിക്കൽ എന്നീ കുറ്റങ്ങളാണ് കോടതി കണ്ടെത്തിയത്. പ്രതി സമാന രീതിയിൽ തമിഴ്നാട്ടിൽ 3കൊലപാതകങ്ങൾ ചെയ്ത് ശേഷം ജാമ്യത്തിൽ കഴിയവേ ജേനയെത്തിയ പ്രതി നാലര പവന്റെ മാലയ്ക്കായാണ് വിനീതയെ കൊലപ്പെടുത്തിയത്.

പ്രതിയുടെ സാമൂഹിക പശ്ചാത്തലവും മനപരിവർത്തന സാദ്ധ്യതയും, മാനസിക നില, മാനസാന്തര സാദ്ധ്യത, ജയിലിലെ സഹ തടവുകരോടുള്ള പെരുമാറ്റ രീതി, ജീവിത ശൈലി, മാനസാന്തരപ്പെടുത്താൻ കഴിയുമെങ്കിൽ വേണ്ടുന്ന പ്രവർത്തനങ്ങൾ, മുൻകാല കുറ്റ കൃത്യങ്ങൾ, പ്രതിയുടെ ആസ്തി, ബാദ്ധ്യതകളെ സംബന്ധിച്ച വിവരം അടക്കം കോടതി ആവശ്യപ്പെട്ട 7റിപ്പോർട്ടുകളും കോടതിയിലെത്തിച്ചിരുന്നു.

സ്വർണം ഗ്രാമിന് ചരിത്രത്തിൽ ആദ്യമായി 9000 രൂപ കടന്നു

തിരു: സംസ്ഥാനത്ത് ഇന്ന് സ്വർണവിലയിൽ വൻകുതിപ്പ് ഒരു പവൻ സ്വർണത്തിന് 760 രൂപ വർദ്ധിച്ച് 72,120 രൂപയായി. ഈ വർഷം രേഖപ്പെടുത്തിയ ഏറ്റവും ഉയർന്ന നിരക്കാണിത്. ഒരു ഗ്രാം 22 കാരറ്റ് സ്വർണത്തിന് 9,051 രൂപയും ഒരു ഗ്രാം 24 കാരറ്റ് സ്വർണത്തിന് 9,835 രൂപയുമാണ്.

ഈ മാസം ഏറ്റവും കുറവ് സ്വർണനിരക്ക് രേഖപ്പെടുത്തിയിരുന്നത് ഏപ്രിൽ എട്ടിനായിരുന്നു. അന്ന് പവന് 65,800 രൂപയും ഗ്രാമിന് 8,225 രൂപയുമായിരുന്നു. സ്വർണത്തിന് ഡിമാൻഡ് കൂടിയതാണ് വിലയിലെ കുതിപ്പിന് പ്രധാന കാരണം. വിവിധ രാജ്യങ്ങൾ ചുമത്തിയ തീരുവ താൽക്കാലികമായി നിർത്തിവച്ചിരുന്നു.

അമേരിക്കയും ചൈനയുമായുള്ള വ്യാപാര യുദ്ധം ശക്തിയാർജിച്ചതിനാൽ നിക്ഷേപകർ സുരക്ഷിതത്വം തേടി സ്വർണം വാങ്ങിക്കൂട്ടിയതോടെ രാജ്യാന്തര വിപണിയിൽ വില ഉയർന്നു. സാമ്പത്തിക അനിശ്ചിതത്വ കാലയളവിൽ നിക്ഷേപകർക്ക് മനസ് ഉറപ്പിച്ച് വിശ്വസിക്കാമെന്നതാണ് സ്വർണത്തിന്റെ ഏറ്റവും വലിയ ശക്തി. അതിനാൽ വൻകിട നിക്ഷേപകരും വിവിധ കേന്ദ്ര ബാങ്കുകളും സ്വർണ ശേഖരം വർദ്ധിപ്പിക്കുകയാണ്. അമേരിക്കൻ ഡോളറിലും കടപ്പത്രങ്ങളിലും വിശ്വാസം കുറഞ്ഞതോടെ വിദേശ നാണയ ശേഖരത്തിലും ഡോളറിന് പകരം സ്വർണം ഇടം നേടുന്നു.

അതേസമയം, സ്വർണവില വർദ്ധിച്ചതോടെ കേരളത്തിലെ കടകളിൽ തിരക്ക് വളരെ കുറവാണ്. സംസ്ഥാനത്തെ പല കടകളും അടച്ചുപൂട്ടേണ്ട അവസ്ഥയിലാണെന്ന സ്വർണക്കച്ചവടക്കാരുടെ അസോസിയേഷൻ ഭാരവാഹികൾ പറയുന്നു.

ഗുണ്ടകളെന്ന് കരുതിയെങ്കിൽ പോലീസിനെ സമീപിക്കാത്തതെന്ത്? ഷൈനിനെതിരായ അന്വേഷണം പ്രാഥമികഘട്ടത്തിൽ

കൊച്ചി: നടൻ ഷൈൻ ടോം ചാക്കോയുമായി ബന്ധപ്പെട്ട ലഹരിക്കേസ് പ്രാഥമിക ഘട്ടത്തിലാണെന്നും മൊഴികൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നും ഇതുവരെ വ്യക്തമായ തെളിവുകളൊന്നും ലഭിച്ചിട്ടില്ലെന്നും കൊച്ചി പോലീസ് കമ്മിഷണർ പൂട്ട വിമലാദിത്യ. സിനിമാ മേഖലയിലെ ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് നടപടിയെടുക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

സാമ്പിളുകൾ പരിശോധനയ്ക്കയച്ച് റിപ്പോർട്ട് വന്നശേഷം നടപടിയിലേക്ക് കടക്കും. ഇതിനോടൊപ്പം മറ്റ് അന്വേഷണങ്ങളും നടക്കുന്നുണ്ട്. സാക്ഷികളുടെയൊക്കെ മൊഴി എടുത്ത ശേഷം, അതിന്റെ ഫലം നോക്കി അന്വേഷണം മുന്നോട്ടുകൊണ്ടുപോകും. നിലവിൽ ചോദ്യംചെയ്യലിന് ഷൈനിനെ വിളിപ്പിച്ചിട്ടില്ല. ആവശ്യമുണ്ടെങ്കിൽ വിളിപ്പിക്കും. അന്വേഷണവുമായി ഷൈൻ സഹകരിക്കുന്നുണ്ട്, അദ്ദേഹം പറഞ്ഞു.

ലഹരി സംഘങ്ങളുമായുള്ള ഇടപാടിൽ വ്യക്തമായ തെളിവുകളൊന്നും ലഭിച്ചിട്ടില്ല. അന്വേഷിക്കുന്നുണ്ട്. ഷൈൻ സ്ഥിരമായി ലഹരി ഉപയോഗിക്കുന്ന ആളാണോ എന്ന് ഔദ്യോഗികമായി പറയാനായിട്ടില്ല. ലഹരി ഉപയോഗിക്കുന്നുണ്ടെങ്കിൽ അത് ഏത് തരത്തിലുള്ള ലഹരിയാണ് എന്നത് പരിശോധിക്കേണ്ടതുണ്ട്. പോലീസ് വന്നപ്പോൾ ഗുണ്ടകളാണെന്ന് കരുതി ഹോട്ടലിൽനിന്ന് ഓടിപ്പോയെന്നാണ് ഷൈൻ പറഞ്ഞത്. ഇക്കാര്യം പരിശോധിക്കുന്നുണ്ട്. അന്വേഷണത്തിന്റെ ഭാഗമായി ചോദിച്ചറിയുന്നുണ്ട്. ഗുണ്ടകളാണെന്ന് കരുതിയിട്ടാണ് ഓടിയതെങ്കിൽ പോലീസിനെ ബന്ധപ്പെടാമായിരുന്നു, അത്തരത്തിൽ ഒന്നും ഉണ്ടായിട്ടില്ല. അതുകൊണ്ട് അക്കാര്യംകൂടെ പരിശോധിക്കുന്നുണ്ട്.

കേസിൽ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

പലിയേക്കര ടോൾ കമ്പനിയുടെ കൊള്ളക്ക് ജില്ലാ കലക്ടർ കൂട്ടുനിൽക്കരുത്: വെൽഫെയർ പാർട്ടി

തൃശൂർ: അടിപ്പാത നിർമാണ ജോലികളുടെ ഭാഗമായി ഗതാഗതക്കുരുക്ക് നേരിടുന്ന ദേശീയ പാത 544 ലെ പാലിയേക്കര ടോൾ പിരിവ് താൽകാലികമായി നിർത്തിവെക്കണമെന്ന സ്വന്തം ഉത്തരവ് മരവിപ്പിച്ച കലക്ടറുടെ നടപടി കമ്പനിയുടെ ടോൾ കൊള്ളക്ക് ഒത്താശ ചെയ്യുന്നതാണെന്ന് വെൽഫെയർപാർട്ടി തൃശൂർ ജില്ലാ പ്രസിഡന്റ് അഡ്വ. കെ.എസ്. നിസാർ ആരോപിച്ചു.

സാധാരണ ദിവസങ്ങളിൽ തിരക്ക് അനുഭവപ്പെടുമ്പോൾ തന്നെ ടോൾ പിരിവ് ഒഴിവാക്കി വാഹനങ്ങൾ കടത്തിവിടണം എന്ന നിർദ്ദേശമുണ്ടായിരിക്കെയാണ് ഇപ്പോൾ ഹൈവേയിലുടനീളം ഗതാഗതക്കുരുക്ക് മുറുകിയിട്ടും ടോൾ പിരിവ് തുടരുന്നത്. ഇതിനെ നിയന്ത്രിക്കാനായി കലക്ടർ പുറപ്പെടുവിച്ച ഉത്തരവ് മരവിപ്പിച്ചത് കുരുക്ക് ഒഴിവാക്കാമെന്ന ദേശീയപാത അതോറിറ്റിയുടെ ഉറപ്പിലാണ് എന്നാണ് കലക്ടറുടെ ഓഫീസ് പറയുന്നത്. കമ്പനിയുടെ ഇത്തരം ഉറപ്പുകൾ പ്രഹസനമാണെന്ന് നിരവധി തവണ തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. അതിനെ വീണ്ടും സാക്ഷ്യപ്പെടുത്തുന്നതാണ് ദേശീയപാതയിലെ ഇപ്പോഴത്തെ ഗതാഗതക്കുരുക്ക് എന്നിരിക്കെ ഉത്തരവ് മരവിപ്പിച്ച കലക്ടറുടെ നടപടി ജനദ്രോഹപരമാണ്.

ടോൾ കമ്പനിയുടെ സ്വാധീനത്തിന് വഴങ്ങി ഉത്തരവ് മരവിപ്പിച്ച കലക്ടറുടെ നടപടി ടോൾ കൊള്ളക്ക് ഒത്താശ ചെയ്യുന്നതാണ്. നിശ്ചയിക്കപ്പെട്ട കാലാവധി കഴിഞ്ഞിട്ടും ടോൾ പിരിവ് തുടരുന്നത് തന്നെ അന്യായമാണ് എന്നിരിക്കെ ഗതാഗതക്കുരുക്ക് തീരുന്നത് വരെ താൽകാലികമായെങ്കിലും ടോൾ പിരിവ് നിർത്തിവെച്ചില്ലെങ്കിൽ ശക്തമായ ജനകീയ പ്രക്ഷോഭം നേരിടേണ്ടി വരുമെന്നും അദ്ദേഹം പറഞ്ഞു.

കേരള പത്ര പ്രവർത്തക അസോസിയേഷൻ മേഖലാ സമ്മേളനം

പ്രസിഡണ്ട് | സെക്രട്ടറി | ട്രഷറർ

ഇരിങ്ങാലക്കുട : കേരള പത്ര പ്രവർത്തക അസോസിയേഷൻ ഇരിങ്ങാലക്കുട മേഖലാ സമ്മേളനം നഗരസഭ വൈസ് ചെയർമാൻ ബൈജു കുറ്റിക്കാടൻ ഉദ്ഘാടനം ചെയ്തു.

മൂലയിൽ വിജയകുമാർ അധ്യക്ഷത വഹിച്ചു.ജില്ലാ പ്രസിഡന്റ് ഗോപി ചക്കുന്നത്ത് മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് അംഗത്വ വിതരണവും നിർവ്വഹിച്ചു. നവീൻ ഭഗീരഥൻ സ്വാഗതവും രാജീവ് മുല്ലപ്പിള്ളി നന്ദിയും പറഞ്ഞു.

പുതിയ ഭാരവാഹികളായി മൂലയിൽ വിജയകുമാർ (പ്രസിഡന്റ്), കെ.കെ. ചന്ദ്രൻ (വൈസ് പ്രസിഡന്റ്), രാജീവ് മുല്ലപ്പിള്ളി (സെക്രട്ടറി), ബെന്നറ്റ് തൗണ്ടാശ്ശേരി (ജോ. സെക്രട്ടറി), ജോസ് മാമ്പിള്ളി (ട്രഷറർ), ഷോബി കെ പോൾ, നവീൻ ഭഗീരഥൻ, അഞ്ജലി പി ഉണ്ണികൃഷ്ണൻ (കമ്മിറ്റി അംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

ജെ.സി.ഐ. മാനവ സമന്വയം - 2025

ഇരിങ്ങാലക്കുട: ജൂനിയർ ചേമ്പർ ഇന്റർനാഷണൽ ജെ.സി.ഐ. ഇരിങ്ങാലക്കുട സംഘടിപ്പിച്ച മാനവ സമന്വയം 2025 ഇരിങ്ങാലക്കുട രൂപത ബിഷപ്. മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്തു. ജെ.സി.ഐ. പ്രസിഡന്റ് ഡിബിൻ അമ്പൂക്കൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഠാണാ ജുമ മസ്ജിദ് ഇമാം കബീർ മൗലവി, കൂടൽ മാണിക്യം ദേവസ്വം ചെയർമാൻ അഡ്വ. സി.കെ.ഗോപി എന്നിവർ മതസൗഹാർദ സന്ദേശങ്ങൾ നൽകി. ക്രൈസ്റ്റ് എഞ്ചിനിയറിങ്ങ് കോളേജ് എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ.ജോൺ പാല്ക്കേക്കര, ജെ.സി.ഐ. സോൺ പ്രസിഡന്റ് മെജോ ജോൺസൺ എന്നിവർ മുഖ്യാതിഥികളായിരുന്നു. ജെ.സി.ഐ. സെക്രട്ടറി ഷിജു കണ്ടംകുളത്തി, ട്രഷറർ സോണി സേവ്യർ, പ്രോഗ്രാം ഡയറക്ടർമാരായ ബിജു. സി.സി, ഡയസ് ജോസഫ്, മുൻ പ്രസിഡന്റുമാരായ ലിയോ പോൾ, ടെൽസൺ കോട്ടോളി, ജീസൺ.പി ജെ.എന്നിവർ പ്രസംഗിച്ചു. കാത്ത്ലിക് സെന്ററിൽ വച്ച് ചേർന്ന സമ്മേളനത്തിൽറംസാൻ, വിഷു, ഈസ്റ്റർ എന്നി ആഘോഷങ്ങളെ മുൻ നിർത്തി അഞ്ഞൂറോളം പേർക്ക് സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തു.

മതസൗഹാർദ്ദവും മാനവീകതയും നമ്മുടെ നാടിന്റെ മുഖമുദ്രയാണന്നും പരസ്പരം സഹവർത്തിത്വത്തിലൂടെ ഒന്നിച്ച് മുന്നേറണമെന്നും ബിഷപ് ഉദ്ഘാടന പ്രസംഗത്തിൽ സൂചിപ്പിച്ചു.

രാസലഹരി, സിന്തറ്റിക് ലഹരി, എന്നി മാരക വിപത്തുകളിൽ നിന്ന് സമൂഹത്തെ രക്ഷിക്കേണ്ട ഉത്തരവാദിത്വം എല്ലാവർക്കും ഉണ്ടന്നും അത് ഏറ്റെടുക്കാനും ബിഷപ് ആഹ്വാനം ചെയ്തു.

തയ്യൂർ നിത്യസഹായ മാതാ ദൈവാലയം ഊട്ടു തിരുനാളിന് കൊടിയേറി

തയ്യൂർ : ഇടവകയിലെ ഈസ്റ്റർ തിരുക്കർമങ്ങളെ തുടർന്ന് തിരുനാൾ സപ്ളിമെന്റ് പ്രകാശനവും, ഊട്ട് തിരുനാളിന്റെ കൊടിയേറ്റവും നടന്നു. ഏപ്രിൽ 25,26,27,28 തിയതികളിലായി ആഘോഷപൂർവം നടത്തുന്ന വി. അന്തോനീസിന്റെയും, വി. സെബാസ്ത്യാനോസിന്റെയും, നിത്യാസഹായമാതാവിന്റെയും സംയുക്ത തിരുനാളിന്റെ സപ്ലിമെന്റ് പ്രകാശനം വികാരി ഫാ. ഗ്രിജോ വിൻസെന്റ് മുരിങ്ങത്തേരി നിർവഹിച്ചു.നടത്തു കൈക്കാരൻ ഷാജു അറങ്ങാശേരിയുടെ സാന്നിധ്യത്തിൽ സപ്ളിമെന്റ് കൺവീനർ അജിത് പേരാമംഗലം തിരുനാൾ കമ്മിറ്റി കൺവീനർ ആന്റു അറങ്ങാശ്ശേരിക്ക് സപ്ളിമെന്റ് കൈമാറി.

തുടർന്ന് തയ്യൂർ ഇടവക വികാരി ഫാ. ഗ്രിജോ വിൻസെന്റ് മുരിങ്ങത്തേരി കൊടിയേറ്റ് നിർവഹിച്ചു. കൈക്കാരന്മാരായ ഷാജു അറങ്ങാശേരി, ഫ്രാൻസിസ് പേരാമംഗലം,സോബിൻ ഗോപുരം തിരുനാൾ ജനറൽ കൺവീനർ ആന്റു അറങ്ങാശേരി എന്നിവർ നേതൃത്വം നൽകി. ജോയിന്റ് കൺവീനർ മാരായ ബാബു നീലങ്കാവിൽ , ജെസ്സി പൊറിഞ്ചു, സെക്രട്ടറി ജിജു പേരാമംഗലം,തിരുനാൾ കമ്മിറ്റി അംഗങ്ങൾ, ഇടവക ജനങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

നാടകാവതരണം

തൃശൂർ: നേർചങ്ങാതി മിഥുൻ മോഹൻ ഈ ലോകത്തോട് വിട പറഞ്ഞിട്ട് രണ്ടു വർഷം തികയാൻ പോകുന്നു. ദൃശ്യകലയുടെ ലോകത്ത് ദാർശനികമായ ഉൾക്കാഴ്ചകളോടെ ശക്തമായ സ്വാധീനം ചെലുത്തിയ ആ കലാകാരന്റെ ആശയങ്ങളും,ആദർശങ്ങളും, ചിന്തകളും സുഹൃത്ത് വലയങ്ങളെ ഇന്നും പ്രചോദിപ്പിക്കുകയും ആകർഷിക്കുകയും ചെയുന്നു. മിഥുന് ഏറെ ഇഷ്ടപ്പെട്ട ഒരു നോവൽ ആയിരുന്നു പതിനാറാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട മിഗെൽ ഡി സെർവാന്റസിന്റെ ഡോൺ ക്വിക്സോട്ട്. യാഥാർത്ഥ്യത്തിനും മിഥ്യക്കുമിടയ്ക്ക് കാറ്റാടിയന്ത്രങ്ങളോടു യുദ്ധം ചെയുന്ന ക്വിക്സോട്ടിന് ഒരു ഭ്രാന്തൻ പരിവേഷമാണ് ലോകം കല്പിച്ചു നൽകിയത്.

എന്നാൽ സാധാരണ രീതിയിൽ ജീവിതം ജീവിച്ചു തീർക്കലാണ് ഭ്രാന്ത്, സ്വപ്നങ്ങളെ ഉപേക്ഷിക്കലാണ് ശരിക്കും ഭ്രാന്ത്, എന്നാണ് നാടകത്തിലെ നന്മയിൽ ജോൺ ക്വിഹോത്തെ കണ്ടെത്തുന്നത്.

വൈദേശികമായ ഡോൺ ക്വിക്സോട്ട് എന്ന നോവൽ കേരളീയ പശ്ചാത്തലത്തിൽ പരിവർത്തനം ചെയ്തിരിക്കുകയാണ്. മിത്തുകളും വടക്കൻ പാട്ടുകളും ആയോധനകലകളും ഇതിൽ ഉൾച്ചേർന്നിരിക്കുന്നു. ഓരോ മനുഷ്യനും ഒറ്റയ്ക്ക് ഒരു പടയാവുന്നത് ജീവിച്ചിരിക്കുമ്പോൾ തന്നെ മരിച്ചു പോകാതിരിക്കാനാണ് എന്ന് മിഥുൻ പറയാറുണ്ട്. ആ നേർചങ്ങാതിയുടെ ഓർമ്മയ്ക്കായി ഞങ്ങൾ മിന്നാടവും, സ്പോർട്ടീവ് തിയേറ്റർ പാലക്കാടും, വി.പി.എസ് കളരി പൊന്നാനിയും, ചേർന്ന് ഒന്നിച്ചൊരു പടയാവുകയാണ്; സ്നേഹത്തിന്റെ പട.

കൂടൽമാണിക്യം തിരുവുത്സവത്തിന് മെയ് 8ന് കൊടിയേറും : പ്രോഗ്രാം ബുക്ക് പ്രകാശനം ചെയ്തു

ഇരിങ്ങാലക്കുട : മെയ് 8ന് കൊടിയേറി 18ന് ആറാട്ടോടെ അവസാനിക്കുന്ന ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിലെ തിരുവുത്സത്തിന്റെ പ്രോഗ്രാം ബുക്ക് പ്രകാശനം മന്ത്രി ഡോ. ആർ. ബിന്ദു ക്ഷേത്രം തന്ത്രി അണിമംഗലം ശ്രീവല്ലഭന് നൽകി നിർവ്വഹിച്ചു.

ക്ഷേത്രത്തിന്റെ കിഴക്കേ ഗോപുരനടയിൽ നടന്ന ചടങ്ങിൽ ദേവസ്വം ചെയർമാൻ അഡ്വ. സി.കെ. ഗോപി, ഭരണസമിതി അംഗങ്ങളായ രാഘവൻ മുള്ളങ്ങാടൻ, ഡോ. മുരളി ഹരിതം, അഡ്വ. കെ.ജി. അജയ്കുമാർ, വി.സി. പ്രഭാകരൻ, കെ. ബിന്ദു, അഡ്മിനിസ്ട്രേറ്റർ കെ. ഉഷാനന്ദിനി എന്നിവർ സന്നിഹിതരായിരുന്നു.

തുടർന്ന് മന്ത്രി ഡോ. ആർ. ബിന്ദുവിന്റെ നേതൃത്വത്തിൽ തിരുവുത്സവത്തോടനുബന്ധിച്ചുള്ള സർക്കാർ വകുപ്പുതല ഉദ്യോഗസ്ഥരുടെ അവലോകന യോഗവും ചേർന്നു.

ഉത്സവം ഭംഗിയായി നടത്തുന്നതിന് സർക്കാർ തലത്തിൽ എല്ലാ വിധ സഹകരണവും നൽകുമെന്ന് മന്ത്രി അറിയിച്ചു. എല്ലാ വകുപ്പുകളും സഹകരിച്ച് ഉത്സവം പൂർവ്വാധികം ഭംഗിയായി നടത്തണമെന്ന് വിവിധ വകുപ്പു മേധാവികളോട് മന്ത്രി നിർദ്ദേശിച്ചു.

യോഗത്തിൽ കൂടൽമാണിക്യം ദേവസ്വം ചെയർമാൻ അഡ്വ. സി.കെ. ഗോപി അധ്യക്ഷത വഹിച്ചു. വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥ മേധാവികൾ യോഗത്തിൽ പങ്കെടുത്തു സംസാരിച്ചു. ദേവസ്വം ഭരണസമിതി മെമ്പർമാരായ അഡ്വ. കെ.ജി. അജയകുമാർ സ്വാഗതവും, ഡോ. മുരളി ഹരിതം നന്ദിയും പറഞ്ഞു.

ദേവസ്വം മെമ്പർമാരായ രാഘവൻ മുള്ളങ്ങാടൻ, വി.സി. പ്രഭാകരൻ, കെ. ബിന്ദു, അഡ്മിനിസ്ട്രേറ്റർ കെ. ഉഷാനന്ദിനി എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

AIBEA 80-ാം സ്ഥാപക ദിനം

തൃശൂർ: ബാങ്കു ജീവനക്കാരുടെ പ്രസ്ഥാനമായ ആൾ ഇന്ത്യാ ബാങ്ക് എംപ്ലോയീസ് അസോസിയേഷൻ (AIBEA) 80-ാം വയസിലേക്ക് പ്രവേശിക്കുകയാണ്. 1946 ഏപ്രിൽ 20ന് കൽക്കത്തയിൽ രൂപം കൊണ്ട പ്രസ്ഥാനം ഇന്നും ബാങ്ക് ജീവനക്കാരുടെ ഏറ്റവും വലിയ ഭൂരിപക്ഷ സംഘടനയായി ശക്തിയാർജിച്ച് മുന്നേറുന്നു.

ചരിത്ര താളുകളിൽ സ്വർണ്ണ ലിപികളാൽ എഴുതപ്പെട്ട നിരവധി മുഹൂർത്തങ്ങളിലൂടെ സഞ്ചരിച്ച് (AIBEA) ഇന്ന് ബാങ്ക് ജീവനക്കാരുടെ മാത്രമല്ല തൊഴിലാളി വർഗ്ഗത്തിന്റെ തന്നെ ആശാ കേന്ദ്രമായി മാറിയിരിക്കുന്നു. പൊതുമേഖല, സ്വകാര്യ മേഖല, സഹകരണ മേഖല, പ്രാദേശിക ഗ്രാമീണ മേഖല, വിദേശ ബാങ്കുകൾ, എന്നീ നിരവധി ബാങ്കിംഗ് മേഖലകളിൽ (AIBEA) യുടെ നിറഞ്ഞ സാന്നിദ്ധ്യം എന്നത് ഏവർക്കും അഭിമാനിക്കത്തക്കത് തന്നെ. ആദ്യനാൾ മുതൽ സാമൂഹിക വികസിത ജനകീയ ബാങ്കിങ്ങിനു വേണ്ടി നില നിന്ന് പോരാടിയ ചരിത്രം. ബാങ്കുകൾ രാഷ്ട്ര താല്പര്യത്തിനായി പൊതു മേഖലയിൽ പ്രവർത്തിക്കണമെന്ന അഹ BEA യുടെ പോരാട്ടം 1969ൽ യാഥാർത്ഥ്യമായി.വലിയ കുത്തക മുതലാളിമാരുടെ കയ്യിലിരുന്ന ബാങ്കുകൾ ദേശസാൽക്കരിക്കപ്പെട്ടു. മാനേജുമെന്റുകളിൽ തൊഴിലാളികളുടെ പങ്കാളിത്തം എന്ന ആശയം വർക്ക്മെൻ ഡയറക്ടർമാരുടെ നിയമനങ്ങളിലൂടെ സഫലീകരിച്ചു.പൊതുമേഖലാ ബാങ്കുകളിൽ (AIBEA)യുടെ പ്രതിനിധികൾ വർക്ക്മെൻ ഡയറക്ടർമാരായി നിയമിക്കപ്പെട്ടു.ബാങ്കുകളിൽ മനഃപൂർവ്വം കിട്ടാകടം വരുത്തുന്ന വൻകിടക്കാരുടെ പേരുവിവരം പ്രസിദ്ധീകരിച്ചതിലൂടെ ബാങ്കിങ്ങ് മേഖലയിലെ തെറ്റായ പ്രവണതകളെ പൊതുമദ്ധ്യത്തിൽ കൊണ്ടുവരുവാൻ സാധിച്ചു. പെൻഷൻ എന്ന നമ്മുടെ സ്വപ്നം സാദ്ധ്യമാക്കി. രാജ്യതാല്പര്യത്തെ മുൻനിർത്തി (AIBEA) ക്ക് മാത്രം അവകാശപ്പെടാവുന്ന നേട്ടം. ബാങ്ക് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിരവധി പോരാട്ടങ്ങളിലൂടെ ട്രൈബ്യൂണലിസത്തിൽ നിന്നും ബൈപ്പാർട്ടിസത്തിലേക്ക് എത്തിച്ച ഓമൽ പ്രസ്ഥാനം.ഒന്നാം ഉഭയകക്ഷി കരാർ മുതൽ 12-ാം ഉഭയകക്ഷിക്കരാർ വരെ ഒപ്പിട്ട ഏക പ്രസ്ഥാനമാണ് (AIBEA).

ഇന്ന് ഏപ്രിൽ 20ന് (AIBEA) 80-ാം സ്ഥാപക ദിനത്തോടനുബന്ധിച്ച് തൃശൂർ AIBEA ഹൗസിനു മുമ്പിൽ ജില്ലാ ചെയർമാൻ പതാക ഉയർത്തി. ജില്ലാ സെക്രട്ടറി പി.എൽ ലോറൻസ്, AIBEA സെൻട്രൽ കമ്മിറ്റി അംഗം പി ഹേമലത, സംസ്ഥാന സെക്രട്ടറി സി കെ ജയപ്രകാശ്, അസി.സെക്രട്ടറിമാരായ എൻ കെ രാമദാസൻ, ആർ ടി യാദവ്, ജോസഫ് കുര്യാക്കോസ്, ജില്ലാ ജോ. സെക്രട്ടറി മിഥുൻ ദാസ് എന്നിവർ സംസാരിച്ചു.

എൽഡിഎഫ് സർക്കാരിന്റെ നാലാം വാർഷിക ആഘോഷത്തോടൊപ്പം പെൻഷൻ കുടിശ്ശിക തീർക്കണം

ആമ്പല്ലൂർ: എൽഡിഎഫ് സർക്കാ രിന്റെ 4-ാം വാർഷിക ആഘോഷത്തോടൊപ്പം സാമൂഹ്യ സുരക്ഷ പെൻഷൻ കുടിശ്ശിക തീർത്തു നൽകണമെന്നും 80 വയസ്സു കഴിഞ്ഞവർക്കും ഭിന്നശേഷിക്കാർക്കും പെൻഷൻ 5000 രൂപയാക്കിയും മിനിമം പെൻഷൻ 3000 രൂപയാക്കിയും ഉയർത്തണമെന്നും സാമൂഹ്യ സുരക്ഷാ പെൻഷനേഴ്സ് ജനത സംസ്ഥാന കമ്മിറ്റി യോഗം ആവശ്യപ്പെട്ടു കെ എസ്ആർടിസി ബസ്റ്റാൻഡുകളിൽ വിശപ്പു രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഹോട്ടലുകൾ സ്ഥാപിച്ച് 20 രൂപക്ക് ഉച്ചഭക്ഷണവും മിതമായ വിലയ്ക്ക് ചായയും മറ്റു ഭക്ഷ്യ വിഭവങ്ങളും ലഭ്യമാക്കണമെന്നും യോഗം ആവശ്യപ്പെട്ടു യോഗം സംസ്ഥാന രക്ഷാധികാരി അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി ഉദ്ഘാടനം ചെയ്തു സംസ്ഥാന പ്രസിഡണ്ട് അഡ്വക്കേറ്റ് ജോക്കിൻ എ പേരേ അധ്യക്ഷത വഹിച്ചു സംസ്ഥാന കോഡിനേറ്റർ അഡ്വക്കേറ്റ് ടി ഐ സ്പേയർ തൃശ്ശൂർ ജില്ലാ പ്രസിഡണ്ട് എൻ കെ രവീന്ദ്രൻ ജനറൽ സെക്രട്ടറി ഐ പി കുട്ടൻ വൈസ് പ്രസിഡന്റ് ഐ വി വേലു കുട്ടി ഹരിദാസ് വയനാട്എം എ ഇബ്രാഹിം അബ്ദുൽ മജീദ്എ എൽ പോൾ മേരിക്കുട്ടി ഇബ്രാഹിം ഒന്ന ഏരി ടി എകൃഷ്ണൻ എ എ പ്പായി പി വി അനിൽകുമാർ ടി കെ സുധാകരൻ തുടങ്ങിയവർ സംസാരിച്ചു

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് കേരള സർക്കാർ

കരുത്തോടെ
അഭിമാനത്തോടെ
നിശ്ചയദാർഢ്യത്തോടെ
തുടരും...

രണ്ടാം പിണറായി വിജയൻ
സർക്കാരിന്റെ നാലാം വാർഷികം

'എന്റെ കേരളം' പ്രദർശന വിപണന മേള
സംസ്ഥാനതല ഉദ്ഘാടനം:
ശ്രീ. പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി
അദ്ധ്യക്ഷൻ : ശ്രീ. കെ. രാജൻ, ബഹു. റവന്യൂ വകുപ്പ് മന്ത്രി

ഏപ്രിൽ 21 രാവിലെ 10ന് കാസർഗോഡ്,
കാലിക്കടവ് മൈതാനം

മന്ത്രിമാരും ജനപ്രതിനിധികളും പങ്കെടുക്കും

'എന്റെ കേരളം' പ്രദർശന വിപണന മേള
കാസർഗോഡ്
2025 ഏപ്രിൽ 21 മുതൽ 27 വരെ

- കലാപരിപാടികൾ
- തീം സ്റ്റാളുകൾ
- കാർഷിക പ്രദർശന വിപണന മേള
- വിവിധ വകുപ്പുകളുടെ സേവനങ്ങൾ
- പുസ്തകമേള
- നവീന സാങ്കേതിക വിദ്യകളുടെ പ്രദർശനം
- ഫുഡ് കോർട്ട്
- സെമിനാറുകൾ

'എന്റെ കേരളം' ജില്ലകളിൽ

വയനാട്	- ഏപ്രിൽ 22 മുതൽ 28 വരെ	ആലപ്പുഴ	- മേയ് 6 മുതൽ 12 വരെ		
കോട്ടയം	- ഏപ്രിൽ 24 മുതൽ 30 വരെ	മലപ്പുറം	- മേയ് 7 മുതൽ 13 വരെ		
ഇടുക്കി	- ഏപ്രിൽ 29 മുതൽ മേയ് 5 വരെ	കണ്ണൂർ	- മേയ് 8 മുതൽ 14 വരെ		
കോഴിക്കോട്	- മേയ് 3 മുതൽ 12 വരെ	കൊല്ലം	- മേയ് 11 മുതൽ 17 വരെ	എറണാകുളം	- മേയ് 17 മുതൽ 23 വരെ
പാലക്കാട്	- മേയ് 4 മുതൽ 10 വരെ	പത്തനംതിട്ട	- മേയ് 16 മുതൽ 22 വരെ	തിരുവനന്തപുരം	- മേയ് 17 മുതൽ 23 വരെ
				തൃശ്ശൂർ	- മേയ് 18 മുതൽ 24 വരെ